## പാരമ്പര്യം കൈവെടിയരുത്

ചില ഇടവകകളിൽ, ഇടവകപ്പള്ളിയിൽനിന്നുതന്നെ അപ്പം ഉണ്ടാക്കുകയോ അഥവാ ഇടവകാംഗങ്ങൾ കൊണ്ടുവരുന്ന അപ്പം ശേഖരിക്കുകയോ ചെയ്തിട്ട് ഇടവകാംഗങ്ങൾ എല്ലാവരുംകൂടി ഇണ്ടറിയപ്പം മുറിക്കുന്ന ഒരു സമ്പ്രദായം അടുത്തകാലത്തു കണ്ടുവരുന്നു.

നമ്മുടെ പാരമ്പര്യത്തിൽ, ക്രൂശിസിദ്ധിച്ച ഒരു ചടങ്ങാണ് കുരിശപ്പംമുറിക്കൽ. അങ്ങനെ

> കഴിഞ്ഞ പെസഹാ ആചരണത്തിലേയ്ക്ക് ഒരെത്തിനോട്ടം

ഒരു രീതിയില്ലാതിരുന്ന യൂറോപ്യന്മാരും അമേരിക്കക്കാരു

ങ്ങളും ഉപയോഗിച്ചാണ്. ഇതു നടത്തുക. അവിടങ്ങളിൽ ഇടവക്കാർക്ക് ഒരുമിച്ചു കൂടാനൊരവസരംകൂടിയാണിതു്.

ഇതിൽനിന്നും വിഭിന്നമായിട്ടുള്ള ഒരു സംവിധാനക്രമമാണ്, പശ്ചാത്തലമാണ്, കേരളകത്തോലിക്കരുടെ—പ്രത്യേകിച്ചും സുറിയാനികത്തോലിക്കരുടെ — ഇടയിലുള്ള അപ്പംമുറിക്കലിനുള്ളതു്.

ഇസ്രായേൽജനത്തിന്റെ പെസഹാചരണം കുടുംബനാഥന് പ്രത്യേകസ്ഥാനം കല്പിച്ചു കൊടുക്കുന്നതാണ്. ലിറ്റർജിക്കു കുടുംബത്തിൽ അർഹിക്കുന്ന സ്ഥാനം ഉണ്ടാകണമെന്നും വൈദികരല്ലാത്തവരുടെ നേതൃത്വത്തിലുള്ള ശുശ്രൂഷകൾ പ്രോത്സാഹി

# ഇണ്ടറിയപ്പം മുറിക്കൽ ഇടവകപ്പള്ളിയിലോ?

www.dukhrana.in

മൊക്കെ പെസഹാവ്യാഴാഴ്ച കുർബാനയ്ക്കുശേഷം ഒരു പന്തിഭോജനമായി, യഹൂദന്മാരുടെ പെസഹായെ അനുകരിച്ച് സെയ്ദർ ശുശ്രൂഷകൾ നടത്തിവരുന്നു. പുളിപ്പില്ലാത്ത അപ്പവും (മാസ്ദാ) വീ

ഷ്പിക്കപ്പെടണമെന്നുമുള്ളത് സഭയുടെ നയത്തിന് തീർത്തും യോജിച്ചതാണ്. അതൊരിക്കലും നഷ്ടപ്പെടുത്തരുത്.

മറ്റൊന്നുകൂടി; വേറെ മാറിത്താമസിക്കുന്ന മക്കളുംകൂടി അപ്പനെ സ്വഭവനത്തിൽ വിളിച്ച് അപ്പം മുറിക്കുകയോ അവരുംകൂടി അപ്പൻ താമസിക്കുന്ന വീട്ടിൽ ചെന്ന് കുരിശപ്പം ആദരപൂർവ്വം വാങ്ങിക്കുകയോ ചെയ്യുന്ന സമ്പ്രദായം തികച്ചും ആദരണീയംതന്നെ. കുടുംബബന്ധങ്ങളും, ശിഥിലമെങ്കിൽ നേരെയാക്കാനും കൂടുതൽ ദൃഢപ്പെടുത്താനും ഉപകരിക്കുന്നതാണ് ഈ പതിവ്. കുടുംബനാഥനെ പ്രത്യേകം ബഹുമാനിക്കുന്നതിനു മക്കൾക്കുള്ള അവസരംകൂടിയാണിത്. കുടുംബത്തിൽ മുറിക്കുന്ന ഇണ്ടറിയപ്പത്തെപ്പററിപ്പററി ഒരു പാവനാന്തരീക്ഷം നിലനില്ക്കുന്നുണ്ട്.

ഇതൊക്കെ നഷ്ടപ്പെടുത്തത്തക്കവിധം വൈദികർ ഈ പരിപാടിയിൽ കൈകടത്താതിരിക്കുന്നതാണ് ഉത്തമം. അറിയാതുള്ള ഒരു വിദേശഭ്രമമാണ് ഇടവകപ്പള്ളിയിലെ ഇണ്ടറിയപ്പംമുറിക്കൽ.

പെസഹാവ്യാഴം കർബ്ബാനയുടെ സ്ഥാപനത്തിന്റെ അനുസ്മരണമാണ്. അന്നത്തെ പരിശുദ്ധ കർബ്ബാന സന്ധ്യയ്ക്ക് നടത്തുകയാണ്, അന്ത്യ അത്താഴത്തിന്റെ പരിപാവനചിന്തയിലും പശ്ചാത്തലത്തിലും ബലിയർപ്പിക്കാൻ കൂടുതൽ സഹായകം. അന്നത്തെ കർബ്ബാന ഏററം ആഘോഷപൂർവ്വം ഏററം സജീവമാക്കിത്തീർക്കേണ്ടതും ആവശ്യമാണ്. വിശ്വാസികളെല്ലാം വി. കർബ്ബാന സ്വീകരിക്കുകയും ചെയ്യണം. ഇതിലേക്കൊക്കെ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ബഹുമാനപ്പെട്ട വൈദികർ ചെയ്യേണ്ടത്. **അല്ലാതെ കുടുംബങ്ങളിലെ കാരണവരുടെ സ്ഥാനം പിടിച്ചുപററുകയല്ല.**

പള്ളിയിൽവെച്ച് ഇണ്ടറിയപ്പം മുറിക്കുന്നത് ആളുകൾക്ക് ഇഷ്ടമാണെന്നു പറഞ്ഞേക്കാം. ഒരു പക്ഷേ ചിലർക്കൊക്കെ ഇഷ്ടമായിരിക്കാം. പുതുമയെന്ന രീതിയിൽ അത് അംഗീകരിക്കുന്നവരുമുണ്ടാകും; പക്ഷേ അതിന്റെ മററു ഭവിഷ്യത്തുകളെപ്പററി അവർ ചിന്തിച്ചിട്ടുണ്ടായിരിക്കുകയില്ല.

കുരിശപ്പം മുറിക്കൽ കുടുംബത്തിന്റെ പാവനമായ ലിററർജിയാണ്; അത് അപ്രകാരം തുടരാൻ അനുവദിക്കുന്നതായിരിക്കും കരണീയം. കുടുംബത്തിൽ അതിനെ പ്രാർത്ഥനാശുശ്രൂഷയാക്കി മെച്ചപ്പെടുത്താൻ ബഹു. ഇടവകവികാരിമാർ പ്രേരണയും പ്രോത്സാഹനവും നൽകുന്നത് ആശാസ്യമായിരിക്കും.

ഡോ. ജെ. വെള്ളിയാൻ